LIBRARY ARCHIVES Kerala Legislative Assembly

വലപ്പാട് ശ്രീരാമ പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ്

99(2968) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട് ശ്രീരാമ ഗവ. പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലുള്ള L1/38219/14 നമ്പർ ഫയൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) ശ്രീരാമ പോളിടെക്നിക്കിൽ ഓട്ടോമൊബൈൽ എൻജിനീയറിംഗ് കോഴ്സ് ഉടൻ അനുവദിച്ച് ഉത്തരവാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ-യുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ഫയൽ പ്രകാരം പുതുതായി ആട്ടോമൊബൈൽ കോഴ്സ് ആരംഭിക്കുന്നതിനു എ.ഐ.സി.റ്റി.-യ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എ.ഐ.സി.റ്റി.-യുടെ അംഗീകാരം ലഭിച്ച ശേഷമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാനാവൂ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ തുല്യത സർട്ടിഫിക്കറ്റ്

100(2970) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ നേടിയവർക്ക് തുല്യത സർട്ടിഫിക്കറ്റ് നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;